**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

30.11.2018 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 888

**<u>നിലയ്ക്കലിൽ ചെക്ക് പോസ്റ്റ്</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അനൂപ് ജേക്കബ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ശബരിമല തീർത്ഥാടകരുടെ വാഹനങ്ങൾ തടഞ്ഞ് പരിശോധിക്കുന്നതിനായി വനംവകുപ്പ് നിലയ്ക്കലിൽ ചെക്ക് പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (എ) ശബരിമല തീർത്ഥാടകരുടെ വാഹനങ്ങൾ തടഞ്ഞ് പരിശോധിക്കുന്നതിനായി വനംവകുപ്പ് നിലയ്ക്കലിൽ ചെക്ക് പോസ്റ്റ് സ്ഥാപിച്ചിട്ടില്ല എന്നാൽ, അതിശക്തമായ പ്രളയത്തിൽ പമ്പയിൽ അടിഞ്ഞുകൂടിയ മണൽ കടത്ത് തടയുന്നതിനും, വനം-വന്യജീവി സംബന്ധമായ കുറ്റകൃത്യങ്ങൾ തടയുന്നതിനും വേണ്ടിയാണ് വനം വകുപ്പ് നിലയ്ക്കലിൽ ചെക്ക് പോസ്റ്റ് സ്ഥാപിച്ചിട്ടുള്ളത്. |
| (ബി) ഉണ്ടെങ്കിൽ വനംവകുപ്പിന്റെ ഏത് ഓഫീസിനു കീഴിലാണ് പ്രസ്തുത ചെക്ക് പോസ്റ്റ് സ്ഥാപിച്ചിരിക്കുന്നതെന്നും പ്രസ്തുത ചെക്ക് പോസ്റ്റ് സ്ഥാപിച്ചതുമുതൽ നാളിതുവരെ എത്ര വാഹനങ്ങൾ പരിശോധിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ; | (ബി) റാന്നി ഡിവിഷനിലെ ഗൂഡ്രിക്കൽ റെയിഞ്ചിലെ പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന നിലയ്ക്കൽ ഭാഗത്താണ് 16.11.2018 മുതൽ ചെക്ക് പോസ്റ്റ് സ്ഥാപിച്ചിട്ടുള്ളത്. സർക്കാർ വാഹനങ്ങളും കെ.എസ്.ആർ.ടി.സി വാഹനങ്ങളും ശബരിമല തീർത്ഥാടകരുടെ വാഹനങ്ങളുമാണ് അതുവഴി കടന്നു പോകുന്നത്. ആയതിനാൽ ടി വാഹനങ്ങൾ പരിശോധന നടത്തിയിട്ടില്ല. |
| (സി) പ്രസ്തുത വാഹന പരിശോധന ശബരിമല തീർത്ഥാടകർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) ശബരിമല തീർത്ഥാടകരുടെ വാഹനങ്ങൾ തടഞ്ഞ് നിർത്തി പരിശോധന നടത്താറില്ല. ചെക്ക് പോസ്റ്റ് വഴി കടന്നുപോകുന്നതും തിരികെ വരുന്നതുമായ എല്ലാ വാഹനങ്ങളും നിരീക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. ആയതിനാൽ ശബരിമല തീർത്ഥാടകർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ